## പതിമൂന്നാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3769. 30.01.2014 ൽ മറുപടിയ്ക്ക്.

<u>എല്ലാ ചെക്ക് പോസ്റ്റുകളിലും വെയിംഗ് ബ്രിഡ്ജ് സ്ഥാപിക്കാൻ നടപടി</u>

| ചോദ്യം<br>ശ്രീ. കെ. എം. ഷാജി | | ഉത്തരം<br>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>( വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി) |
|---|---|---|
| (എ) സംസ്ഥാനത്ത് മോട്ടോർ വാഹന വകുപ്പിന്റെ കീഴിലുള്ള ചെക്ക് പോസ്റ്റുകളുടെ എണ്ണം എത്രയാണ് ; അവയിലെല്ലായിടത്തും വെയിംഗ് ബ്രിഡ്ജ് നിലവിലുണ്ടോ ;<br>(ബി) ഇല്ലെങ്കിൽ എത്ര ചെക്ക് പോസ്റ്റുകളിൽ നിലവിൽ വെയിംഗ് ബ്രിഡ്ജ് സ്ഥാപിച്ചിട്ടുണ്ട് ; | (എ) & (ബി) | 19. ഇവയിൽ ഒരിടത്തും വകുപ്പിന്റെ ഉടമസ്ഥതയിൽ വെയിംഗ് ബ്രിഡ്ജ് നിലവിലില്ല. എന്നാൽ ആര്യങ്കാവ് ചെക്ക് പോസ്റ്റ് (കൊല്ലം), മഞ്ചേശ്വരം ചെക്ക് പോസ്റ്റ് (കാസർഗോഡ്), എന്നിവിടങ്ങളിൽ 60 ടൺ വരെ ഭാരമുള്ള വാഹനങ്ങൾ പരിശോധിക്കുവാൻ ഓരോ പോർട്ടബിൾ വെയിംഗ് ബ്രിഡ്ജ് സ്ഥാപിച്ചിട്ടുണ്ട്. |
| (സി) ഇവയിൽ പ്രവർത്തനക്ഷമമായതെത്ര ; പ്രവർത്തനക്ഷമമല്ലാത്തതെത്ര ; ഇതിന്റെ മെയിന്റനൻസ് ഉത്തരവാദിത്വം ആർക്കാണ് ; വിശദാംശം നൽകുമോ ; | (സി) | രണ്ട് എണ്ണവും ഇപ്പോൾ പ്രവർത്തനക്ഷമമാണ്. പോർട്ടബിൾ വെയിംഗ് ബ്രിഡ്ജ് മെയിന്റനൻസ് ചെയ്യുന്നത് കെൽട്രോൺ ആണ്. |
| (ഡി) അമിതഭാരം കയറ്റിവരുന്ന ലോറികൾ റോഡപകടങ്ങൾക്ക് ഇടയാക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (ഡി) | ഉണ്ട്. |
| (ഇ) വെയിംഗ് ബ്രിഡ്ജ് ഇല്ലാത്ത എല്ലാ ചെക്ക് പോസ്റ്റുകളിലും അവ സ്ഥാപിക്കുന്നതിന് നിർദ്ദേശം നൽകാമോ ? | (ഇ) | മോട്ടോർ വാഹന വകുപ്പിന് സ്വന്തമായി സ്ഥലമുള്ളത് ആര്യങ്കാവ് (കൊല്ലം), ഗോപാലപുരം (പാലക്കാട്), മഞ്ചേശ്വരം (കാസർഗോഡ്) എന്നീ ചെക്ക്പോസ്റ്റുകളിൽ മാത്രമാണ്. ടി ചെക്ക് പോസ്റ്റുകളിൽ ഈ സാമ്പത്തികവർഷം 100 ടൺ വരെ ഭാരമുള്ള വാഹനങ്ങൾ പരിശോധിക്കുവാൻ വെയിംഗ് ബ്രിഡ്ജ് സ്ഥാപിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ.